# പ്രതിരോധത്തിന്റെ പേരിൽ അപരാധം

*"....ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതിൽ മുസ്‌ലിംകൾക്കുണ്ടായ പരാജയമാണ് ഹിന്ദുത്വ കടന്നാക്രമണങ്ങളുടെ കാരണം എന്ന വിശദീകരണം മന്ദബുദ്ധികൾക്കു മാത്രം ചേർന്നതാണ്. രാഷ്ട്രീയ മേൽക്കോയ്മക്കുവേണ്ടി രണ്ടും കൽപിച്ചിറങ്ങുന്ന സംഘങ്ങൾ ആശയസംവാദത്തിനു മടി കാണിക്കുന്നവരാണ്. വെറും വ്യക്തിബന്ധങ്ങളിലൂടെയോ പ്രസിദ്ധീകരണത്തിലൂടെയോ ലോകത്തിലൊരിടത്തും ഇസ്‌ലാമിക സമൂഹങ്ങൾ നിലവിൽവന്നിട്ടില്ല. ഇത്തരം ചരിത്രയാഥാർഥ്യങ്ങളെ നിഷേധിക്കുന്നതായിരുന്നു പല മുസ്‌ലിം സംഘടനകളുടെയും സങ്കൽപനങ്ങൾ. ഇന്ത്യാ ഉപഭൂഖണ്ഡത്തിൽ നടക്കുന്ന സങ്കീർണമായ ആശയവിനിമയ സംവിധാനങ്ങൾ പരിഗണിക്കുമ്പോൾ, പ്രബോധനപ്രവർത്തനം പ്രശ്നങ്ങൾ പരിഹരിക്കുമെന്ന് വാദിക്കുന്നവരുടെ കൈയിലുള്ള വിഭവങ്ങളാകട്ടെ, അസംബന്ധം എന്നു പറയാവുന്ന വിധം പരിമിതവുമായിരുന്നു. ഇസ്‌ലാമിനെ തെറ്റിദ്ധരിച്ചതുകൊണ്ടുണ്ടായ, മതപരമായ അർഥതലങ്ങൾ മാത്രമുള്ള മുന്നേറ്റമായിരുന്നില്ല ഹിന്ദുത്വ ഫാഷിസം"*

*'പ്രതിരോധം അപരാധമല്ല' എന്ന തലക്കെട്ടിൽ എൻ.ഡി.എഫ് 2007 മാർച്ച് 20 മുതൽ ഏപ്രിൽ 10 വരെ നടത്തിയ കാമ്പയിനോടനുബന്ധിച്ച് പുറത്തിറക്കിയ ലഘുലേഖയിലെ 4,5 പേജുകളിലുള്ള ചില വരികളാണ് മുകളിൽ ഉദ്ധരിച്ചത്. പ്രതിരോധത്തിനു വേണ്ടി സംഘടിച്ച് ഹിന്ദുത്വ ഫാഷിസത്തെ ചെറുത്തുതോൽപിക്കാമെന്നും, പരമ്പരാഗത സംഘടനകൾ നടത്തുന്ന പ്രബോധന പ്രവർത്തനങ്ങൾ ഫലശൂന്യമാണെന്നുമല്ലേ ഇതിനർഥം?*

***എം.എൻ മുഹമ്മദ് ഖാസിം***
***കാഞ്ഞിരപ്പള്ളി***

**നൂ**റ്റാണ്ടുകളായി കേരളം പരിരക്ഷിച്ചുവരുന്ന സാമുദായിക സൗഹൃദത്തിന്റെ അടിവേരിന് കത്തിവെക്കാനും മുസ്‌ലിം സമൂഹത്തിൽ അരക്ഷിതബോധം വളർത്തി വർഗീയധ്രുവീകരണത്തിലൂടെ സ്വന്തം നിഗൂഢ അജണ്ട നടപ്പാക്കാനും ഇറങ്ങിപ്പുറപ്പെട്ട ഏതാനും അതിബുദ്ധിമാന്മാരുടെ ബുദ്ധിശൂന്യമായ വാദങ്ങളുടെ രത്നച്ചുരുക്കമാണ് ചോദ്യത്തിലെ ഉദ്ധരണികൾ. ഇസ്‌ലാമിക പ്രസ്ഥാനത്തെയും ഇതര മുസ്‌ലിം സംഘടനകളെയുമാകെ മന്ദബുദ്ധികളായി പ്രഖ്യാപിച്ചുകൊണ്ടേ അനിസ്‌ലാമികവും വിനാശകരവും വിവേകരഹിതവുമായ തങ്ങളുടെ 'പ്രതിരോധ' പരിപാടി നടപ്പാക്കാനാവൂ എന്നവർക്കറിയാം. വികാരജീവികളായ ഒരു വിഭാഗം യുവാക്കളെ തെറ്റിദ്ധരിപ്പിച്ച് കെണിയിൽ വീഴ്ത്താൻ സാധിച്ചിട്ടുണ്ടെങ്കിലും കേരളത്തിലെ ഒടുവിലത്തെ അനിഷ്ട സംഭവങ്ങൾ സമുദായ സംഘടനകളുടെ കണ്ണ് തുറപ്പിച്ചിട്ടുണ്ടെന്ന തിരിച്ചറിവിൽനിന്നാണ് പ്രതിരോധത്തിന്റെ പേരിലുള്ള ഇപ്പോഴത്തെ അങ്കലാപ്പ്.

ഇസ്‌ലാമിനെ പരിചയപ്പെടുത്തുന്നതിൽ മുസ്‌ലിംകൾക്കുണ്ടായ പരാജയമാണ് ഹിന്ദുത്വ കടന്നാക്രമണങ്ങളുടെ കാരണമെന്ന് ഇസ്‌ലാമിക സംഘടനകളൊന്നും വാദിക്കുകയോ വിശദീകരിക്കുകയോ ചെയ്തിട്ടില്ല. അതേസമയം എട്ട് നൂറ്റാണ്ടുകാലത്തോളം ഇന്ത്യ ഭരിച്ച മുസ്‌ലിം ഭരണാധികാരികളും തുടർന്നുവന്ന ബ്രിട്ടീഷ് ഭരണകാലത്ത് പാശ്ചാത്യ വിദ്യാഭ്യാസം നേടിയ മുസ്‌ലിംബുദ്ധിജീവികളും ഇംഗ്ലീഷ് ഭാഷയടക്കം ബഹിഷ്കരിച്ച മുസ്‌ലിം പണ്ഡിതന്മാരിലെ ഒരു വിഭാഗവും ബഹുഭൂരിപക്ഷം വരുന്ന ഹിന്ദുക്കൾക്ക് ഇസ്‌ലാമിന്റെ തനതായ സന്ദേശമെത്തിക്കുന്നതിൽ കാട്ടിയ അക്ഷന്തവ്യമായ അനാസ്ഥ രാജ്യം ഇസ്‌ലാമിനെയും മുസ്‌ലിംകളെയും തെറ്റിദ്ധരിക്കാൻ ഇടവരുത്തി എന്ന് ഇസ്‌ലാമിക പ്രസ്ഥാനം വസ്തുനിഷ്ഠമായി തന്നെ ചൂണ്ടിക്കാട്ടിയിട്ടുണ്ട്. മുഗളഭരണാധികാരികളിൽ ഏറ്റവും മതഭക്തനായി അറിയപ്പെടുന്ന ഔറംഗസീബ് ചക്രവർത്തി പോലും തന്റെ സന്നിധിയിൽ ഹാജരായ ഒരു മുസ്‌ലിം പ്രജ സലാം പറഞ്ഞ കുറ്റത്തിന് അയാളെ ജയിലിലടച്ച സംഭവം യശശ്ശരീരനായ മൗലാനാ അബുൽ ഹസൻ അലി നദ്‌വി രേഖപ്പെടുത്തിയിട്ടുണ്ട്. ദാറാ ശുകൂഹ്, അക്ബർ പോലുള്ള രാജാക്കന്മാർ അവതരിപ്പിച്ച 'ഇസ്‌ലാം' ആകട്ടെ സ്വന്തം ബ്രാന്റ് ഇസ്‌ലാം ആയിരുന്നുതാനും. ഇതിന്റെയൊക്കെ ഫലമായി അമുസ്‌ലിം സമൂഹം ഇസ്‌ലാമിനെക്കുറിച്ച് അജ്ഞരായി; വളരെ പേർ തെറ്റിദ്ധരിക്കുകയും ചെയ്തു. 'ജനങ്ങൾ അവരറിയാത്തതിന്റെ ശത്രുക്കളാണ്' എന്ന ആപ്തവാക്യത്തെ സാധൂകരിച്ചുകൊണ്ട്, സ്വതേ ഇസ്‌ലാമിനെക്കുറിച്ച് അജ്ഞരായ ഹിന്ദുസമൂഹം മുസ്‌ലിംകളുടെ തെറ്റായ ചെയ്തികൾ കൂടി കണ്ടപ്പോൾ കൂടുതൽ തെറ്റുധാരണകൾക്ക് വശംവദരായി. ഈ വളക്കൂറുള്ള മണ്ണിലാണ് 1920-കളിൽ ഹിന്ദു തീവ്ര ദേശീയ പ്രസ്ഥാനമായ ആർ.എസ്.എസ് വിത്തിറക്കിയത്. ഭിന്നിപ്പിച്ചു ഭരിക്കുക എന്ന ബ്രിട്ടീഷ് നയം അവർക്ക് വർഗീയ ധ്രുവീകരണത്തിന് അവസരവും ഒരുക്കി. ദ്വിരാഷ്ട്രവാദത്തെ തുടർന്നുണ്ടായ രാഷ്ട്രവിഭജനം ഹിന്ദുത്വത്തിന് പൂർവാധികം കരുത്തു പകരുകയും ചെയ്തു. മതേതര സർക്കാറുകളുടെ അലംഭാവവും കൃത്യവിലോപവും മതേതര പാർട്ടികളുടെ ശൈഥില്യവും എൺപതുകളുടെ ഒടുവിൽ ഹിന്ദുത്വവാദികളുടെ പാത കൂടുതൽ സുഗമമാക്കി. ഈ സ്ഥിതിവിശേഷത്തിനുള്ള പരിഹാരം കരുവാരകുണ്ടിലെ കരുവാന്മാരെ കണ്ടെത്തി വാളുണ്ടാക്കലോ കുറ്റ്യാടി പള്ളിക്കാട്ടിൽ കുരുന്നുകളെ ഇറക്കി ബോംബുണ്ടാക്കലോ തെരുവമ്പറമ്പിലെ ബിനുവിന്റെ കഥകഴിക്കലോ മുജാഹിദ് മൗലവിയെ കൈയേറ്റം ചെയ്യലോ ഒക്കെ ആണെന്ന് സമ്മതിച്ചുകൊടുക്കാൻ മാത്രം മുസ്‌ലിം സംഘടനകളുടെ ബുദ്ധി വികസിച്ചിട്ടില്ലെന്നത് നേരാണ്.

മക്കാ-മദീനയിൽനിന്ന് തുടങ്ങി യമൻ, ശാം, പേർഷ്യ, ഈജിപ്ത്, മധ്യേഷ്യ, മലബാർ വഴി ഇന്തോനേഷ്യവരെ വളർന്നു പന്തലിച്ച ഇസ്‌ലാം വ്യക്തിബന്ധവും പഠനക്ലാസ്സുകളും സംവാദങ്ങളും പുസ്തകങ്ങളും സൽപെരുമാറ്റങ്ങളും മറ്റു ബോധവത്കരണമാർഗങ്ങളും വഴിതന്നെയാണ് അതിന്റെ വികാസം സാക്ഷാത്കരിച്ചത്. അല്ലാതെ ഇസ്‌ലാം ഖഡ്ഗത്തിന്റെ തണലിലാണ് വളർന്നതെന്ന സിദ്ധാന്തം കുരിശുയുദ്ധക്കാരുടേതും ഇസ്‌ലാമിന്റെ ശത്രുക്കളുടേതുമാണ്. അതേ ആരോപണം അമേരിക്കൻ സാമ്രാജ്യത്വം മുതൽ മാർപാപ്പ വരെയുള്ള

വർ ആവർത്തിച്ചുകൊണ്ടിരിക്കുന്ന വർത്തമാനകാലത്ത് അതേറ്റുപാടാൻ മുസ്‌ലിം സമുദായത്തിൽതന്നെ കുറച്ച് പേരുണ്ടായത് ഈ സമുദായത്തിന്റെ നിർഭാഗ്യമായേ കാണാനാവൂ. ഹിന്ദുത്വ ഫാഷിസത്തിന്റെ അടിവേരുകൾ അഭിശപ്തമായ സാമുദായിക ദേശീയതയിലാണെന്ന് കണ്ടെത്തുകയും അതിന്റെ പ്രതിരോധം സമാനമായ മുസ്‌ലിം സാമുദായികത അല്ലെന്ന് സമർഥിക്കുകയും വിശ്വമാനവികതയിലൂന്നിയ ദൈവിക ദർശനം വിഭാവനം ചെയ്യുന്ന സാഹോദര്യം മാത്രമാണ് ശരിയായ ബദൽ എന്ന് വ്യക്തമാക്കുകയും ചെയ്ത ഇസ്‌ലാമിക പ്രസ്ഥാനമാണ് ജമാഅത്തെ ഇസ്‌ലാമി. അതിനാൽ അമുസ്‌ലിം സമൂഹത്തിൽ ഇസ്‌ലാമിന്റെ പ്രബോധനത്തിന് അത് മുന്തിയ പ്രാധാന്യം നൽകുന്നു; നടന്നേടത്തോളം പ്രവർത്തനങ്ങൾക്ക് പ്രോത്സാഹനജനകമായ ഫലങ്ങളുണ്ടുതാനും. അതേസമയം അതുമാത്രം ചെയ്ത് മതിയാക്കാതെ രാജ്യത്തെ മതന്യൂനപക്ഷ, മതേതര, മനുഷ്യാവകാശ ശക്തികളുമായി ചേർന്ന് ഫാഷിസത്തിനെതിരെ ചെറുത്തുനിൽപ് സംഘടിപ്പിക്കാനും ജമാഅത്ത് ഫലപ്രദമായി യത്നിച്ചിട്ടുണ്ട്. തെരഞ്ഞെടുപ്പുകളടക്കം അതിന് ആയുധമാക്കിയിട്ടുമുണ്ട്. ഇതൊക്കെ 'അസംബന്ധം' എന്ന് വിലയിരുത്തണമെങ്കിൽ അസാമാന്യമായ അഹന്തതന്നെ വേണം. സത്യത്തിനു നേരെ കണ്ണ് ചിമ്മലും മറ്റു മനുഷ്യരെ പുഛിക്കലുമാണ് അഹന്തയെന്ന് പ്രവാചകൻ പഠിപ്പിച്ചിട്ടുണ്ടല്ലോ.

## കേരള സർക്കാറിന്റെ മുസ്‌ലിംവിരോധം?

■ *"ഒരുഭാഗത്ത് മുസ്‌ലിംകളായാൽ അവരെ കൈകാര്യം ചെയ്യാൻ മാത്രം ധാർഷ്ട്യവും ധിക്കാരവുമാണ് കേരള ഭരണകൂടം കാണിക്കുന്നത്. തങ്ങൾക്ക് പിന്തുണ നൽകുന്ന ഒരു മുസ്‌ലിം സംഘടനയുടെ കോഴിക്കോട്ടെ ആസ്ഥാനം വരെ റെയ്ഡ് നടത്തുന്നതിന് പോലീസ് മടികാണിച്ചില്ല. അവരുടെ പോഷക സംഘടനകളുടെ പ്രവർത്തകരെ എസ്.എഫ്.ഐ-ഡി.വൈ.എഫ്.ഐ ക്രിമിനലുകൾ തല്ലിച്ചതച്ചപ്പോഴും പോലീസ് ഒരു നടപടിക്കും തയാറായില്ല" (2007 മാർച്ച് 22-ന് എൻ.ഡി.എഫ് സ്റ്റേറ്റ് കമ്മിറ്റി പുറത്തിറക്കിയ ലഘുലേഖയിൽനിന്ന്). പിന്തുണ നൽകുന്ന മുസ്‌ലിം സംഘടനയെന്ന് ഉദ്ദേശിച്ചത് ജമാഅത്തെ ഇസ്‌ലാമിയെയും പോഷക സംഘടനകളെയും അല്ലേ? മുജീബിന്റെ പ്രതികരണം?*

***കെ. അബ്ദുർറശീദ്***
***താനാളൂർ***

**കേ**രളത്തിലെ ഇടതുമുന്നണി സർക്കാറിന് വീഴ്ചകളും പാളിച്ചകളും സംഭവിക്കുന്നുണ്ട്. എ.ഡി.ബി വായ്പ, മദ്യവ്യവസായം, പോലീസ് അതിക്രമങ്ങൾ തുടങ്ങിയ കാര്യങ്ങളിൽ സംഭവിച്ച തെറ്റുകൾ ജമാഅത്തെ ഇസ്‌ലാമി യഥാസമയം ചൂണ്ടിക്കാട്ടിയിട്ടുണ്ട്. എന്നാൽ ഹിറാ സെന്റർ ലൈബ്രറി റെയ്ഡടക്കം ചോദ്യത്തിൽ പരാമർശിക്കപ്പെട്ട സംഭവങ്ങളെ സാമുദായിക കാഴ്ചപ്പാടോടെ വിലയിരുത്തണമെന്ന് പ്രസ്ഥാനത്തിന് തോന്നിയിട്ടില്ല. എൻ.ഡി.എഫ് ക്രമസമാധാനത്തിന് ഉയർത്തുന്ന ഭീഷണി നേരിടാൻ സർക്കാർ സ്വീകരിക്കുന്ന നടപടികൾ മൊത്തം സമുദായത്തിനെതിരെയാണെന്ന അഭിപ്രായവുമില്ല.

## ജമാഅത്ത് 'സേവ് ഫോറം'?

■ *"കടുത്ത ആശയഭിന്നതയെത്തുടർന്ന് ജമാഅത്തെ ഇസ്‌ലാമി പിളർപ്പിലേക്ക് നീങ്ങുന്നു. അന്ധമായ ഇടതുപക്ഷവിധേയത്വമാണ് ജമാഅത്തെ ഇസ്‌ലാമിയെ പിളർപ്പിലേക്ക് നയിക്കുന്നത്. ഇതുൾപ്പെടെ ജമാഅത്തെ ഇസ്‌ലാമി നേതൃത്വവുമായി ഇടഞ്ഞുനിൽക്കുന്ന ഒരു വിഭാഗം സേവ് ജമാഅത്ത് ഫോറം രൂപീകരിച്ചിരുന്നു. മലപ്പുറം കേന്ദ്രീകരിച്ച് നടക്കുന്ന സേവ് ഫോറത്തിന്റെ പ്രവർത്തനങ്ങൾ തെക്കൻ ജില്ലകളിലേക്കുകൂടി വ്യാപിപ്പിക്കാനുള്ള നീക്കത്തിലാണ് വിമതർ"* (വർത്തമാനം *2007 ഏപ്രിൽ 1,* ചന്ദ്രിക *ഏപ്രിൽ 2).*

*നിലവിൽ മലപ്പുറം, കൂട്ടിലങ്ങാടി, വേങ്ങര, പെരിന്തൽമണ്ണ എന്നിവിടങ്ങളിൽ സേവ് ജമാഅത്ത് ഫോറം സമജീവമാണെന്നും ഇത് തെക്കൻ ജില്ലകളിലേക്ക് വ്യാപിപ്പിക്കാനുള്ള തകൃതിയായ നീക്കങ്ങൾ അണിയറയിൽ നടക്കുന്നുണ്ടെന്നും റിപ്പോർട്ടിൽ തുടരുന്നു. മുജീബിന്റെ പ്രതികരണം?*

***സിദാഖ്***
***തിരുവിഴാംകുന്ന്***

***ച**ന്ദ്രിക*യിലും സമുദായ സംഘടനകളുടെ മറ്റു പത്രങ്ങളിലും ജമാഅത്തെ ഇസ്‌ലാമി പലവട്ടം പിളർന്നുകഴിഞ്ഞതാണ്. വീണ്ടും ഒരു സേവ് ഫോറം വേണ്ടിവന്നതുതന്നെ വാർത്തയുടെ 'സത്യസന്ധത'യിലേക്ക് വിരൽചൂണ്ടുന്നു. എന്തു ചെയ്യും, കഷണ്ടിക്ക് വ്യാജ മരുന്നെങ്കിലും കിട്ടാനുണ്ട്, അസൂയക്ക് അതുപോലും ഇല്ല! സുന്നി, മുജാഹിദ്, മുസ്‌ലിംലീഗാദി സംഘടനകളൊക്കെ പിളർന്നിട്ടും ജമാഅത്തെ ഇസ്‌ലാമി മാത്രം ഐക്യവും ഭദ്രതയും കാത്തുസൂക്ഷിക്കുന്നതിലെ അസൂയയും അമർഷവും ചിലരുടെ ഉറക്കം കെടുത്തുന്നതാണ് പ്രശ്നം. അവരെ സേവ് ചെയ്യാൻ ഒരു ഫോറം പോരാ, മനോരോഗ വിദഗ്ധർ തന്നെ വേണം. മതിയായ ഉൾപാർട്ടി ജനാധിപത്യം ഉറപ്പാക്കി സുതാര്യമായ ചർച്ചകളിലൂടെ നയപരിപാടികൾ രൂപവത്കരിക്കുന്ന ജമാഅത്തെ ഇസ്‌ലാമിക്ക് ആശയഭിന്നതകൾ ഉണ്ടായാൽതന്നെ പരിഹരിക്കാൻ സ്വന്തമായ മെക്കാനിസം ഉണ്ട്. അതിനാൽ സംഘടനയെ സേവ് ചെയ്യാൻ തൽക്കാലം പുറത്തുള്ളവരുടെ സേവനം ആവശ്യമില്ല.

## പാവം ജമാഅത്തുകാർ

■ *"അങ്ങെങ്ങാണ്ടോ കിടക്കുന്ന സദ്ദാം തൂക്കിലേറ്റപ്പെടുമ്പോൾ ബഗ്ദാദിലെ കമ്യൂണിസ്റ്റുകാർ ആനന്ദനൃത്തമാടുകയായിരുന്നു എന്നറിയാത്ത വിവരദോഷികളല്ല കമ്യൂണിസ്റ്റുകാർ. എന്നാൽ തിരുവമ്പാടിയിലെ മുസ്‌ലിം പോക്കറ്റുകളായ ഓമശ്ശേരിയിലെയും താമരശ്ശേരിയിലെയും ജമാഅത്തെ ഇസ്‌ലാമിക്കാരെയും സോളിഡാരിറ്റിക്കാരെയും കൈയിലെടുക്കാൻ വേണ്ടത് സാമ്രാജ്യത്വവിരോധത്തിന്റെ പ്രതീകമായി മാറിയ സദ്ദാമാണ്"* (മാതൃഭൂമി, *2007 ഫെബ്രുവരി 23 വെള്ളി). മുജീബിന്റെ പ്രതികരണം?*

***റിശാദ് കണ്ണൂർ***

**ഇ**റാഖിൽ കുറച്ച് കമ്യൂണിസ്റ്റുകാർ ഉണ്ടായിരുന്നെന്നും അവരുടെ പിൻഗാമികളെന്ന് പറയപ്പെടുന്നവർ മുൻ പീഡനാനുഭവങ്ങൾ മൂലം സദ്ദാം ഹുസൈന്റെ ശത്രുക്കളായിട്ടുണ്ടെന്നും അറിയാത്തവരല്ല കേരളത്തിലെ ജമാഅത്തെ ഇസ്‌ലാമിക്കാരും സോളിഡാരിറ്റിക്കാരും. പക്ഷേ, അതിലപ്പുറം വേറെ ചില കാര്യങ്ങൾ കൂടി അവർക്കറിയാമെന്നതാണ് കുഴപ്പം. ഇന്ത്യയിലേക്കും കേരളത്തിലേക്കും ആഗോള അധിനിവേശക്കാരെ ക്ഷണിച്ചുവരുത്തിയും അവരുടെ ധൃതരാഷ്ട്രാലിംഗനത്തിൽ അമരുകയും ചെയ്ത വലതുപക്ഷ മുന്നണിയേക്കാൾ ഭേദം ബലഹീനതകളോടെയെങ്കിലും സാമ്രാജ്യത്വത്തെ ചെറുക്കുന്ന ഇടതുപക്ഷമാണെന്ന ബോധ്യത്തിൽനിന്നാണ് നിയമസഭാ തെരഞ്ഞെടുപ്പിലും അതിന്റെ തുടർച്ചയായ തിരുവമ്പാടി ഉപതെരഞ്ഞെടുപ്പിലും പ്രഖ്യാപിത നിലപാട് ജമാഅത്തും സോളിഡാരിറ്റിയും മുന്നോട്ടുവെച്ചത്. മറ്റു പലരെയും കൈയിലെടുക്കുന്നപോലെ അനായാസമല്ല ജമാഅത്തെ ഇസ്‌ലാമിയെ കൈയിലെടുക്കുക എന്നറിഞ്ഞുകൊണ്ടുതന്നെയാണ് സി.പി.എം നേതൃത്വവും പത്രങ്ങളും സംഘടനക്കെതിരെ തിരിയുന്നതും. ആശയസമരം തുടർന്നുകൊണ്ടുതന്നെ ആർജവമുള്ള നിലപാടുകൾ തുടരാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന് കെൽപുണ്ട്.

## കല്യാണം മുടക്കുന്ന ബാങ്ക് ജോലി

■ *എന്റെ മകന് വന്ന കല്യാണാലോചന ബാങ്ക് പ്രശ്നത്തിൽ ഉടക്കിക്കിടക്കുകയാണ്. പെൺകുട്ടിയുടെ ബാപ്പ ബാങ്കിൽ ജോലി ചെയ്യുന്നു എന്നതാണ് പ്രശ്നം. ആധുനിക യുഗത്തിൽ ബാങ്കിംഗ് അനിവാര്യമായ ഒരു സംഗതിയാണെന്നും അതുകൊണ്ടുതന്നെ ഇതൊരു തടസ്സമാകരുതെന്നുമുള്ള വാദങ്ങൾ വിലപ്പോവുന്നില്ല. എന്തു ചെയ്യണം?*

***ആസിഫ്, തുംകൂർ***

**പ**ലിശ മഹാപാപങ്ങളിലൊന്നാണ് ഇസ്‌ലാമിൽ. അത് വാങ്ങുകയോ കൊടുക്കുകയോ അതിന്റെ കണക്ക് എഴുതുകയോ അതിന് സാക്ഷ്യം വഹിക്കുകയോ ചെയ്യുന്നവർ നരകാവകാശികളാണെന്നും പ്രവാചകവചനത്തിലുണ്ട്. പലിശയിലധിഷ്ഠിതമാണ് ആധുനിക ബാങ്കിംഗ്. അതിനാൽ യഥാർഥ വിശ്വാസിക്ക് പലിശാധിഷ്ഠിത ബാങ്ക് ജോലി ഉചിതമല്ലെന്ന് മതപണ്ഡിതന്മാർ ഫത്‌വ നൽകിയിട്ടുണ്ട്. എന്നാൽ, ബാങ്ക് ആധുനിക സാമ്പത്തിക ജീവിതത്തിന്റെ അനുപേക്ഷ്യ ഘടകമായതിനാലും ബാങ്കിംഗ് സേവനം മുഴുക്കെ പലിശയുമായി ബന്ധപ്പെട്ടതല്ലാത്തതിനാലും കേവലമായ ബാങ്ക് ഉദ്യോഗം നിഷിദ്ധമല്ലെന്ന അഭിപ്രായമാണ് പ്രശസ്ത ചിന്തകനായ ശൈഖ് യൂസുഫുൽ ഖറദാവിക്കും മറ്റുമുള്ളത്. ഇതിലേത് സ്വീകരിക്കണമെന്ന തീരുമാനം ഓരോരുത്തരുടെയും മനസ്സാക്ഷിക്ക് വിടാനേ കഴിയൂ.

## എയിഡ്സും ചേലാകർമവും

■ *യു.എൻ ഘടകങ്ങളായ ലോകാരോഗ്യ സംഘടനയും യു.എൻ എയിഡ്സും എയിഡ്സിനെതിരെ ചേലാകർമം ശിപാർശ ചെയ്തു (മാധ്യമം മാർച്ച് 30). പ്രതികരണം?*

***അലവി വീരമംഗലം***

**ഖു**ർആനോ സുന്നത്തോ ഇല്ലാത്ത സൊസൈറ്റിക്കാരെ വിവരമറിയിക്കുക. ■